**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3103** — 18-06-2019 -ൽ മറുപടിക്ക്

## പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ***ശ്രീ.അനൂപ് ജേക്കബ്*** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രളയത്തിൽ തകർന്ന പിറവം മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിനായി സർക്കാരിൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; | എ) & ബി) | ഉണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം പ്രളയമുൾപ്പെടെയുള്ള അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ അടിയന്തിര പുനരുദ്ധാരണം (immediate restoration) മാത്രമാണ് അനുവദനീയമായിട്ടുള്ളത്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ റോഡുകളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഭരണാനുമതി നൽകുകയോ ഫണ്ട് അനുവദിക്കുകയോ ചെയ്യാറില്ല. വെള്ളപ്പൊക്കക്കെടുതികളിൽ നാശം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി എറണാകുളം ജില്ലയിലെ കൂത്താട്ടുകുളം മുനിസിപ്പാലിറ്റിയിലെ ചോരക്കുഴി പള്ളിത്താഴം റോഡ്, പിറവം മുനിസിപ്പാലിറ്റിയിലെ ഇരിപ്പാംകുടി ഇടപ്പള്ളി ചിറ റോഡിൽ ഇരിപ്പാം കുടിയിൽ നിന്നും 800 മീറ്റർ റോഡ്, കൂത്താട്ടുകുളം മുനിസിപ്പാലിറ്റിയിലെ മില്ലുംപടി - മണ്ഡപത്തിക്കുന്ന് റോഡ്, ചമ്പമല ജനതാ ജംഗ്ഷൻ- പടിഞ്ഞാറ് മലത്താഴം റോഡ്, പിറവം മുനിസിപ്പാലിറ്റിയിലെ കല്ലൂട്ടാമടാ - പെരിങ്ങാമല റോഡ്, തൃപ്പൂണിത്തുറ |
| ബി) | എല്ലാ അപേക്ഷകളും പരിഗണിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ കാരണമെന്താണെന്നും വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | മുനിസിപ്പാലിറ്റിയിലെ ചിത്രാഞ്ജലി പഞ്ചായത്ത് റോഡ്, തിരുമാറാടി ഗ്രാമപഞ്ചായത്തിലെ എം.എൽ.എ. പടി - കുറുമ്പങ്കരത്താഴം പള്ളി റോഡ്, ഒലിയപ്പുറം - വെട്ടിക്കാട്ട്പാറ റോഡ്, ഇലഞ്ഞി ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരമല – കാച്ചിറ റോഡ്, പാമ്പാക്കട ഗ്രാമപഞ്ചായത്തിലെ ഓണക്കൂർപാലം ചെന്നിക്കാട്ട്ചിറ – മുണ്ടകപാടം റോഡ്, എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലെ വെളിയനാട് കോൺവെന്റ് റോഡ്, ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ തൊണ്ടിലങ്ങാടി - പൊയ്യാറ്റിൻതാഴം റോഡ്, ചോറ്റാനിക്കര മുനിസിപ്പാലിറ്റിയിലെ എരുവേലി- അയ്യംകുഴി റോഡ്, മനക്കത്താഴം റോഡ്, രാമമംഗലം ഗ്രാമപഞ്ചായത്തിലെ കടവ്- നാരകത്തിൽ ക്കാട്ടിൽ റോഡ്, മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ ഇഞ്ചിമല – ചെങ്ങോലപാടം റോഡ്, മണീട് ഗ്രാമപഞ്ചായത്തിലെ മുക്കടെത്താഴം - തിരുനിലത്ത്താഴം റോഡ് എന്നീ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്.<br>സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമായ പുനരുദ്ധാരണ പ്രവൃത്തികൾക്ക് മാത്രമാണ് പ്രസ്തുത നിധി വിനിയോഗിച്ച് കൊണ്ട് ഭരണാനുമതി നൽകാനാകുന്നത്. ഇത് കൂടാതെ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി ആമ്പല്ലൂർ, ചോറ്റാനിക്കര, മുളന്തുരുത്തി ഗ്രാമപഞ്ചായത്തുകളിൽ അപേക്ഷകൾ |

| | | | |
|---|---|---|---|
| | | | ലഭിച്ചിട്ടുണ്ട്. അതിൽ ആമ്പല്ലൂർ, മുളന്തുരുത്തി പഞ്ചായത്തുകളിൽ ലഭിച്ച അപേക്ഷകൾ പരിഗണിച്ച് പ്രവൃത്തികൾ എറ്റെടുത്തിട്ടുണ്ട്. ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിൽ ഫണ്ടിന്റെ അപര്യാപ്തത കാരണം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് സാധിച്ചിട്ടില്ല. |
| സി) | പ്രളയത്തിൽ തകർന്ന പിറവം മണ്ഡലത്തിലെ മുഴുവൻ ഗ്രാമീണ റോഡുകളും അടിയന്തരമായി പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ? | സി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഭരണാനുമതി നൽകിയ പുനരുദ്ധാരണ പ്രവൃത്തികൾ കൂടാതെ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനർ നിർമ്മാണത്തിന് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ചാണ് പ്രവൃത്തികൾ ഏറ്റെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ